# പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 312 | 30/11/2015 ൽ മറുപടിക്ക് |
|---|---|

**എക്സൈസ് വകുപ്പ് മന്ത്രിയ്ക്കെതിരെയുള്ള ആരോപണങ്ങൾ**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.സി.കെ.സദാശിവൻ | | ശ്രീ.രമേശ് ചെന്നിത്തല (ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) | |
| (എ) | എക്സൈസ് വകുപ്പുമന്ത്രിയ്ക്കെതിരെ ബാർക്കോഴയുമായി ബന്ധപ്പെട്ട് ഉയർന്നുവന്ന ആരോപണങ്ങൾ എന്തെല്ലാമായിരുന്നു; | (എ) | 2012-2013 വർഷത്തിൽ 23 ലക്ഷത്തിൽ നിന്ന് 30 ലക്ഷമായി ഉയർത്താൻ തീരുമാനിച്ച ബാർ ലൈസൻസ് ഫീ 23 ലക്ഷമായി കുറയ്ക്കാനായി എക്സൈസ് വകുപ്പ് മന്ത്രി ശ്രീ.കെ.ബാബു പത്ത് കോടി രൂപ കൈക്കൂലി വാങ്ങിയെന്നും, ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം എക്സൈസ് വകുപ്പ് മന്ത്രി ശ്രീ.കെ.ബാബു പുതിയ ബാർ ലൈസൻസ് നൽകാനായി 25 ലക്ഷം രൂപയും ബിയർ ആന്റ് വൈൻ പാർലർ ലൈസൻസ് നൽകാനായി 15 ലക്ഷം രൂപയും കൈക്കൂലി വാങ്ങിയെന്നും കെ.ബി.എച്ച്.എ. പ്രതിനിധികളോട് ശ്രീ.കെ.എം.മാണിക്ക് അനുകൂലമായി മൊഴി പറഞ്ഞാൽ പകരമായി ബാർ വിഷയം ഹൈക്കോടതിയുടെ പരിഗണനയ്ക്ക് വരുമ്പോൾ ബാർ ഉടമകൾക്ക് അനുകൂലമായ നിലപാട് സ്വീകരിക്കാമെന്നും പറഞ്ഞതായും ശ്രീ.ബിജു രമേശ് തിരുവനന്തപുരം ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതി മുൻപാകെ സി.ആർ.പി.സി. 164 പ്രകാരം നൽകിയ മൊഴിയിൽ ആരോപിക്കുകയും 2013 മെയ് മാസത്തിൽ ശ്രീ.ബിജു രമേശ് എക്സൈസ് വകുപ്പ് മന്ത്രി ശ്രീ.കെ.ബാബുവിന്റെ സെക്രട്ടറിക്ക് 50 ലക്ഷം രൂപ മന്ത്രിയുടെ നിർദ്ദേശ പ്രകാരം നൽകിയതായും 2012 ൽ ബാർ ലൈസൻസ് കുറ്റാതിരിയ്ക്കാനായി കെ.ബി.എച്ച്.എ. മൂന്ന് കോടി രൂപ എക്സൈസ് വകുപ്പ് മന്ത്രി ശ്രീ.കെ.ബാബുവിന് കൊടുത്തതായും അന്വേഷണ വേളയിൽ പുതിയ ആരോപണങ്ങൾ ഉന്നയിക്കുകയും ചെയ്തിരുന്നു. |
| (ബി) | ഏതെല്ലാം പരാതികളിന്മേലും, സ്റ്റേറ്റ്മെന്റുകളിന്മേലുമാണ് വിജിലൻസ് പ്രാഥമിക പരിശോധന നടത്തിയിരുന്നത്; വിശദമാക്കാമോ; | (ബി) | ബഹു.മജിസ്ട്രേറ്റ് കോടതി മുൻപാകെ ശ്രീ.ബിജു രമേശിന്റെ Cr.PC 164 മൊഴി പ്രകാരവും പ്രാഥമിക അന്വേഷണ സമയത്ത് ഉദ്യോഗസ്ഥന്റെ മുൻപിൽ ഉന്നയിച്ച ആരോപണങ്ങളുടെ മേലിലും പ്രാഥമിക അന്വേഷണം നടത്തിയിട്ടുണ്ട്. |
| (സി) | അഴിമതി നിരോധന നിയമത്തിലെ ഏതെല്ലാം വ്യവസ്ഥകൾ പ്രകാരമാണ് പരാതികളിന്മേൽ അന്വേഷണം നടത്താറുള്ളത്; | (സി) | കുറ്റാരോപണങ്ങളുടെ സ്വഭാവമനുസരിച്ച് അഴിമതി നിരോധന നിയമത്തിലെ ബന്ധപ്പെട്ട വകുപ്പുകൾ അനുസരിച്ചാണ് പരാതികളിൻമേൽ അന്വേഷണം നടത്താറുള്ളത്. |
| (ഡി) | എക്സൈസ് വകുപ്പുമന്ത്രിയ്ക്കെതിരായ പരാതികളിൽ അന്വേഷണം നടത്തിയത് ഇതിൽ ഏത് വ്യവസ്ഥ പ്രകാരമാണ്; ഏതെങ്കിലും പരാതിയെ സംബന്ധിച്ച് ക്വിക് വെരിഫിക്കേഷൻ നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (ഡി) യും (ഇ) യും | ലളിതകുമാരി Vs State of UP കേസിലെ സുപ്രീംകോടതി വിധിയുടെ വ്യവസ്ഥകൾ പാലിച്ചാണ് ടി അന്വേഷണം നടത്തിയത് |
| (ഇ) | ലളിതകുമാരി കേസിലെ സുപ്രീംകോടതി വിധിയുടെ വെളിച്ചത്തിലുള്ള അന്വേഷണം പ്രസ്തുത കേസിലും ഉറപ്പാക്കിയിട്ടുണ്ടോ; വിശദമാക്കാമോ ? | | |

സെക്ഷൻ ഓഫീസർ